# <u>പ്രവേശന പരീക്ഷാ കമ്മീഷണറുടെ നടപടി ക്രമം</u>

## <u>ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം-1</u>

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം, സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ 2017-18 അദ്ധ്യയന വർഷം മുതൽ എം.ബി.ബി.എസ് കോഴ്സിൽ പ്രവേശനം ലഭിച്ച ബി.പി.എൽ വിഭാഗം ഒന്നാം വർഷ വിദ്യാർത്ഥികൾക്ക് അഡ്മിഷൻ & ഫീ റഗുലേറ്ററി കമ്മിറ്റി ഫോർ മെഡിക്കൽ എഡ്യുക്കേഷൻ നിശ്ചയിച്ചിട്ടുള്ള വാർഷിക ഫീസിന്റെ 90% തുക സ്കോളർഷിപ്പായി അനുവദിച്ച് ഉത്തരവാകുന്നു.

---

**നം.എ3/2378/2018/പ്ര.പ.ക** **തീയതി. 06 08.2021**

---

പരാമർശം: (1) സ.ഉ.(എം.എസ്)നം. 107/2018/ആ.കു.വ. തീയതി 06.06.2018.
(2) സ.ഉ.(എം.എസ്)നം. 138/2018/ആ.കു.വ. തീയതി 19.07.2018
(3) സ.ഉ.(എം.എസ്)നം. 169/2018/ആ.കു.വ. തീയതി 19.08.2018
(4) വിവിധ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ വിദ്യാർത്ഥികൾ സമർപ്പിച്ച അപേക്ഷകൾ.
(5) മലപ്പുറം ജില്ലാ കളക്ടറുടെ 07/06/2021-ലെ L5/252104/2019 നമ്പർ പരിശോധന റിപ്പോർട്ട്, തിരുവനന്തപുരം ജില്ലാ കളക്ടറുടെ 05/07/2021-ലെ കത്ത് നം. എ3/149346/2018
(6) വിവിധ തീയതികളിലെ ഈ കാര്യാലയത്തിലെ ഇതേ നമ്പർ ഉത്തരവ്.
(7) 23/07/2020 ലെ WP(C)No.7771/2018 & connected case- ലെ ബഹു.ഹൈക്കോടതിയുടെ ഉത്തരവ്
(8) 27/01/2021 ലെ WP(C)No.25475 & 26683/2020 കേസിലെ ബഹു.ഹൈക്കോടതിയുടെ ഉത്തരവ്
(9) ഈ കാര്യാലയത്തിൽ നിന്നും 09/07/2021 ന് AFRC-യ്ക്കു നൽകിയ കത്ത്.
(10) അഡ്മിഷൻ & ഫീ റഗുലേറ്ററി കമ്മിറ്റി ഫോർ മെഡിക്കൽ എഡ്യുക്കേഷൻ ചെയർമാന്റെ 27.07.2021, ലെ ASC 100/17/MBBS/ CFBPL നം. ഉത്തരവ്.
(11) സർക്കാർ ഉത്തരവ് (പി) നം.40/2018/ആ.കു.വ. തീയതി 09.04.2018.
(12) ഈ കാര്യാലയത്തിലെ 28/04/2021 -ലെ ഇതേ നമ്പർ വിജ്ഞാപനം.

## <u>ഉത്തരവ്</u>

സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ 2017-18 അദ്ധ്യയന വർഷം മുതൽ എം.ബി.ബി.എസ് കോഴ്സിന് പ്രവേശനം ലഭിച്ചിട്ടുള്ള ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള (ബി.പി.എൽ) വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് രൂപത്തിൽ ഫീസ് ഇളവ് നടപ്പിലാക്കുന്നതിനുള്ള പദ്ധതി പരാമർശം (1), (2), (3) ഉത്തരവുകൾ പ്രകാരം സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ട്. ബി.പി.എൽ സ്കോളർഷിപ്പിന് അർഹരാകുന്ന വിദ്യാർത്ഥികൾ അഡ്മിഷൻ & ഫീ റഗുലേറ്ററി കമ്മിറ്റി ഫോർ മെഡിക്കൽ എഡ്യുക്കേഷൻ നിശ്ചയിച്ചിട്ടുള്ള വാർഷിക ട്യൂഷൻ ഫീസിന്റെ 10% തുക സ്വയം കണ്ടെത്തേണ്ടതും ബാക്കി ഫീസിന് തുല്യമായ തുക സ്കോളർഷിപ്പ് ഇനത്തിൽ ലഭ്യമാക്കുന്നതുമാണ്. ബി.പി.എൽ വിഭാഗം വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതിനുള്ള മാനദണ്ഡം ജില്ലാ കളക്ടർമാർ നൽകുന്ന പരിശോധന റിപ്പോർട്ടിലെ സൂചകങ്ങളും, വെയിറ്റേജ് മുപ്പതും (30) അതിൽ കൂടുതലും മാർക്കുമാണ്.

സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ 2017-18 അദ്ധ്യയന വർഷത്തിൽ എം.ബി.ബി.എസ് കോഴ്സിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികളിൽ നിന്നും സ്കോളർഷിപ്പിനായുള്ള അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് ഈ കാര്യാലയത്തിൽ നിന്നും വിജ്ഞാപനം ഇറക്കിയിരുന്നു. അതിൻ പ്രകാരം 203 അപേക്ഷകൾ കോളേജ് പ്രിൻസിപ്പാൾ മുഖാന്തിരം ഈ കാര്യാലയത്തിൽ ലഭിക്കുകയും ഈ കാര്യാലയത്തിൽ ലഭിച്ച എല്ലാ അപേക്ഷകളും സൂക്ഷ്മ പരിശോധനകൾക്കും, റിപ്പോർട്ടിനുമായി അതാത് ജില്ലാ കളക്ടർമാർക്ക് അയച്ചു നൽകുകയും ചെയ്തിരുന്നു. തുടർന്ന് സൂചന (6) പ്രകാരം ജില്ലാകളക്ടർമാർ അർഹരാണെന്ന് അറിയിച്ച വിദ്യാർത്ഥികൾക്ക് AFRC യുടെ അംഗീകാരത്തോടെ സ്കോളർഷിപ്പ് അനുവദിച്ചിരുന്നു. തുടർന്ന് പരാമർശം (7) ഉത്തരവ് പ്രകാരം ബി.പി.എൽ സ്കോളർഷിപ്പ് സംബന്ധിച്ച പരാമർശം (1) സർക്കാർ ഉത്തരവ് ബഹു. ഹൈക്കോടതി റദ്ദാ

ക്കിയിരുന്നു. ആയതിനാൽ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചിരുന്നില്ല. പരാമർശം (8) പ്രകാരം വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിച്ച് നൽകുന്നതിന് ബഹു. ഹൈക്കോടതി വിധി പുറപ്പെടുവിച്ചു. തുടർന്ന് പരാമർശം (5) പ്രകാരം ജില്ലാ കളക്ടർമാർ നൽകിയ പുന:പരിശോധന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ റിമാർക്സ്, വെയിറ്റേജ് മുപ്പതും അതിൽ കൂടുതലും മാർക്കുള്ള ചുവടെപ്പറയുന്ന വിദ്യാർത്ഥികൾക്ക് ബി.പി.എൽ സ്കോളർഷിപ്പ് അനുവദിക്കുന്നതിനുള്ള അംഗീകാരത്തിനായി പരാമർശം (9) പ്രകാരം അഡ്മിഷൻ & ഫീ റഗുലേറ്ററി കമ്മിറ്റി ഫോർ മെഡിക്കൽ എഡ്യുക്കേഷന് കത്ത് അയയ്ക്കുന്നതിനോടൊപ്പം, പരിശോധന റിപ്പോർട്ടിലെ വെയിറ്റേജ് മാർക്ക് വിവരങ്ങൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും, പ്രസിദ്ധീകരിച്ചിരിക്കുന്ന വെയിറ്റേജ് മാർക്ക് സംബന്ധിച്ച് പരാതിയുള്ളവർക്ക് പരാതി സമർപ്പിക്കുന്നതിന് സമയം അനുവദിയ്ക്കുകയും ചെയ്തിരുന്നു. ജില്ലാ കളക്ടർമാർ പരാമർശം (5) പ്രകാരം നൽകിയ പരിശോധന റിപ്പോർട്ടിലെ റിമാർക്സ്, വെയിറ്റേജ് 30–ഉം അതിൽ കൂടുതലും മാർക്ക് ലഭിച്ച ടി വിദ്യാർത്ഥികൾക്ക് ബി.പി.എൽ സ്കോളർഷിപ്പ് അനുവദിക്കുന്നതിനുള്ള അംഗീകാരം അഡ്മിഷൻ ഫീ റഗുലേറ്ററി & സൂപ്പർ വൈസറി കമ്മിറ്റി ഫോർ മെഡിക്കൽ എഡ്യുക്കേഷൻ പരാമർശം (10) പ്രകാരം നൽകിയിട്ടുമുണ്ട്.

മേൽ സാഹചര്യത്തിൽ 2017–18 അദ്ധ്യയന വർഷം സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ് കോഴ്സിൽ പ്രവേശനം ലഭിച്ച ഒന്നാം വർഷ വിദ്യാർത്ഥികളും, അഡ്മിഷൻ ഫീ റഗുലേറ്ററി & സൂപ്പർവൈസറി കമ്മിറ്റി ഫോർ മെഡിക്കൽ എഡ്യുക്കേഷൻ അംഗീകാരവും നൽകിയിട്ടുള്ളതുമായ, പട്ടികയിൽ പറയുന്ന വിദ്യാർത്ഥികൾക്ക് അഡ്മിഷൻ & ഫീ റഗുലേറ്ററി കമ്മിറ്റി ഫോർ മെഡിക്കൽ എഡ്യുക്കേഷൻ പരാമർശം (11) പ്രകാരം അതാത് കോളേജുകൾക്ക് നിശ്ചയിച്ചിട്ടുള്ള ഫീസിന്റെ 90% തുക ബഹു. കേരള ഹൈക്കോടതിയുടെ പരാമർശം (8) കേസിലെ വിധിയ്ക്കു വിധേയമായി ബി.പി.എൽ സ്കോളർഷിപ്പായി താഴെ പറയുന്ന പ്രകാരം അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ. നം. | വിദ്യാർത്ഥി/ വിദ്യാർത്ഥിനിയുടെ പേര് | റോൾ നം. (KEAM) | കോളേജിന്റെ പേര് | ജില്ലാ കളക്ടർ നൽകിയ റിപ്പോർട്ട് പ്രകാരമുള്ള വെയ്റ്റേജ് മാർക്ക് | ട്യൂഷൻ ഫീസ് (AFRC) നിശ്ചയിട്ടുള്ളത്) | ബി.പി.എൽ. സ്കോളർഷിപ്പ് അനുവദിയ്ക്കുന്ന തുക (ട്യൂഷൻ ഫീസിന്റെ 90%) |
|---|---|---|---|---|---|---|
| 1 | Sneha.J | 111412 | Dr.SMCSI Medical College,Thiruvananthapuram. | 35 | 485000/– | 436500/– |
| 2 | Shaheer M | 220577 | DMWMS Medical College, Wayanad | 32 | 518560/– | 466704/– |
| Total<br>(Rupees Nine Lakhs three thousand and four hundred only) | | | | | | 903204/– |

**പ്രവേശന പരീക്ഷാ കമ്മീഷണർ**

*പകർപ്പ്:–*

1. ബന്ധപ്പെട്ട വിദ്യാർത്ഥിക്ക്.
2. ബന്ധപ്പെട്ട സ്വകാര്യ സ്വാശ്രയ മെഡിക്കൽകോളേജ് പ്രിൻസിപ്പാൾന്.
3. ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ്, സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
4. ഉന്നത വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
5. ഡയറക്ടർ, ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യുക്കേഷൻ, തിരുവനന്തപുരം.
6. ഡയറക്ടർ, ആരോഗ്യ വകുപ്പ്, തിരുവനന്തപുരം.